
നറുമലരുകൾ
ST. MARY'S H.S.S
Veritas Vos liberabit
LITTLE KITES MAGAZINE
ST,MARY'S HIGHER SECONDARY SCHOOL
little KITEs
Art by kavins
9_c

# എഡിറ്റോറിയൽ

*അനേകർക്ക് വിദ്യയുടെ അതിമനോഹരമായ ജീവിതകാഴ്ചകൾ നൽകിക്കൊണ്ട് സെന്റ് മേരീസ് ഹയർ സെക്കന്ററി വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തങ്ങളുടെ ജൈത്രയാത്ര തുടരുന്നു......*

*ലിറ്റിൽ കൈറ്റ്സ് എന്ന നറുമലരുകൾക്ക് അനേകർക്ക് സുഗന്ധം ഏകാൻ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് സുഗന്ധവാഹികളായ മുൻഗാമികൾക്ക് നന്ദി അർപ്പിക്കുന്നു.........*

*ഇതിൽ ഒരു മലരാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു.........*

*ഈ അവസരത്തിൽ ഈ മാസികയെ ഈശ്വരന്റെ മുമ്പാകെ സമർപ്പിക്കുന്നു. ഐടി സാങ്കേതികവിദ്യയുടെ വേരുകൾ കുട്ടികളുടെ മനസ്സിൽ ആഴത്തിൽ പതിക്കാൻ നറുമലരുകൾ എന്ന ഈ മാസിക സഹായകമാകുമെന്നും കരുതുന്നു.*

*ഈ മാസികയുടെ നിർമ്മാണ പ്രക്രിയയിൽ പിന്തുണ നൽകിയ ബഹുമാനപ്പെട്ട പ്രിൻസിപ്പൾ റോയ് ജോർജ്ജ് അച്ചൻ ഹെഡ്മാസ്റ്റർ ജോജി ജേക്കബ് സർ, കൈറ്റ് മാസ്റ്റർസ്, അദ്ധ്യാപകർ , മറ്റ ലിറ്റിൽ കൈറ്റ്സ് സുഹൃത്തുക്കൾക്കും ഈ അവസരത്തിൽ നന്ദി പറയുന്നു. അതിനോടൊപ്പം ലിറ്റിൽ കൈറ്റസ് എന്ന നറുമലരിന് അനേകർക്ക് സുഗന്ധമേകാൻ കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു......*

*സ്നേഹപൂർവം*

*എഡിറ്റർ*

*കവിൻ. എസ്*

***എഡറ്റർസ് - കവിൻ. എസ് , ശാരോൻ , ജോഷ്വാ .***

***ടീച്ചേഴ്സ് - ബിജി , ജിജി .***

# ആമുഖം


പാമ്പിൻ കാവ്..........
ഹൃദയസ്മിതം..........
നിറമില്ലാത്ത ദിവസം..........
പൂവ്..........
ഇരുട്ടിന്റെ അലർച്ച..........
ഫ്ളാറ്റിലെ ഓണം..........
തിരിച്ചറിവിന്റെ വില..........
മഹത് വചനങ്ങൾ..........
വിദ്യാലയം..........
ആത്മാവ്..........
ഐ . ഒ . ടി..........
എൻെറ ലോകം..........
മഴക്കളി..........
പ്രഭാതം..........
മാനത്ത്..........
അമ്മ..........
നഷ്ടപെട്ട ബാല്യം..........
സായന്തനം പെയ്യുന്നു ..........
കോഴികുഞ്ഞ്..........
നിങ്ങളെൻ ലോകത്തെയെന്തുചെയ്തു..........
പ്രകൃതി..........
പുഷ്പിച്ച ജീവിതരംഗം..........
പ്രകൃതി അമ്മ ..........
ഉയർചയിൽനിന്ന് താഴ്ചയിലേക്ക്..........
എൻെറ വിദ്യാലയം..........
എന്റെ വിദ്യാലയം..........
കുരുവി..........
ഒഴുകുമ്പോൾ..........
തത്വചിന്തകൾ..........
സൗഹൃദം..........
മത്തങ്ങാകൊതിയൻ..........
അച്ഛൻ..........
പുഷ്പം..........
പത്തിരിപ്പാത്തുമ്മ..........
അമ്മ..........
മരട് എന്ന ഞാൻ..........
മീനമ്മയും കുഞ്ഞുമീനും..........
മഴത്തുള്ളി..........
എവിടേ..........
കാട്ടിലെ കുരുവി..........
ചാണക്യൻ..........
ജലംഒഴുക്കികളയല്ലേ..........
എലിമൻററ് ഹ്യൂമനും അവൻ്റ കൂട്ടുകാരും ..........
നന്ദി..........

# പാമ്പിൻ കാവ്

കൊയ്ത്തുകഴിഞ്ഞു കളങ്ങളിലാകെ-

പ്പുതുകഴമക്കതിർമണവും, ഉണങ്ങിയ

വൈക്കോൽക്കൂനകളുടെ പുട്ടുവാടയും

ഉഴറിയിഴഞ്ഞുനടന്നു വളപ്പിൽ

വേനൽച്ചൂട്ടുവെയ്യല പാടത്തിൻ

കരയിൽക്കോവിലിലാകെത്തോരണ-

മാലകൾകൊണ്ടു വിതാനിക്കെ, പുതു-

വീരാളിപ്പട്ടരയിൽ ഞൊറിഞ്ഞൊളി-

വിതറിയുടുത്തു ദിക്കുകൾ, അരമണി-

വാരൊലിയെങ്ങുമുതിർത്തു- ചിലമ്പിൻ-

ചിലചില, മിടവഴിയൂടെയണഞ്ഞിട്ട-

മൊരു തുടികൊട്ട്, കുറുങ്കുഴൽ വിളിയും.

കെവിൻ ജോർജ്

9_c

# ഹൃദയസ്മിതം

***കാളമേഘാളികൾ കാലപ്പകർച്ചയാൽ***

***നീലാംബരത്തിൽ നിരന്നെന്നാലും***

***വാർമഴവില്ലൊളി സ്വപ്നംകണ്ഡംബരം***

***തൂമിന്നൽക്കോൾമയിർക്കൊണ്ഡിടുന്നു!***

***കൂരിരുൾക്കൂട്ടങ്ങൾ കൂത്തടിച്ചെമ്ബാടും***

***പാരം ഭയാനകരമാക്കിയാലും***

***താരകഹീരങ്ങൾ നിശ്ശബ്ദസംഗീത -***

***ധരയൊഴുതിച്ചിരിച്ചീടുന്നൂ!***

***വേനലിൻ കാഠിന്യാൽ സന്തപ്തരായാലും***

***കാനനച്ചോലകൾ പുഞ്ചിരിയാൽ***

***ആത്മസംഗീതം പൊഴിച്ചൂകൊണ്ടെപ്പോഴ്-***

***മാത്മനാഥാന്തികം തേടിടുന്നു!***



***കവിൻ .എസ്***

***9-c***



## നിറമില്ലാത്ത ദിവസം

അസ്തിത്വമില്ലാത്ത വാക്കിൻെറ
നെഞ്ചിലൊരു പ്രാവ്
വെടിയേറ്റ് വീഴുന്നു.
അച്ചൻെറ മരണത്തിലൂടെ
എന്നമ്മയുടെ മനസ്സിൽനിന്ന്
ഒർമ്മയുടെ സൈലൻെറ് വാലി
കെട്ടിരിക്കുന്നു
പുനർജന്മത്തെക്കുറിച്ച്
ഞാൻ കോരിയിട്ട കവിതയിലെ
കറുത്ത മഷി വറ്റിയിരിക്കുന്നു...

abin yohannan
IX E

## പൂവ്

പൂവേ പൂവേ കൊഴിയല്ലെ
പൂന്തെന്നല്വ വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതു മഴയിൽ ഇതളു പൊഴിക്കല്ലേ
ഒരിതളും നീ പൊഴിക്കല്ലേ...(പൂവേ.)
പുതു മണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നൽകല്ലേ (പൂവേ.)
വെള്ളിനിലാവിലലിഞ്ഞി പുഞ്ചിരി മായ്ക്കല്ലേ
പൂവണ്ടിൻ പ്രണയം പൊള്ളാണേ....
നിന്നോടുള്ള പൂവണ്ടിൻ പ്രണയം പൊള്ളാണേ
അത്,പൂന്തേനണ്ണാനണയുവതാണേ -
എനിക്കു നിന്നെ കാണാനെന്നും -കൊതിയാണേ (പൂവേ.)



# ഇരുട്ടിൻെറ അലർച്ച

എകാന്തമായ് ഒഴുകിയിരു
ന്നിരുട്ടിനും ദളമർമ്മര
ത്തിൻ മുരൾച്ച കേൾക്കാം
അഴലായ് നിഴലായ്
കൂടെയുള്ളൊരാ ഹൃദയം
പിണങ്ങി മാറി നിൽക്കെ
അറിഞ്ഞില്ല പകരമിന്നെനിക്കീ
കൂട്ടിനീ മരണമെന്ന്
ഇരുട്ടിൻെറ അന്ധതയിൽ
ഞാനാരെയൊ തിരഞ്ഞു
പോയ്......

ആദിൽ .എസ്സ്

# ഫ്ളാറ്റിലെ  ഓണം

അത്തം പുലർന്നു വിടർന്നു കാണ്മൂ
മുറ്റത്ത് പൂക്കളമിട്ടിടേണ്ടി
മുറ്റമാഹ്ളാദത്തിന്നോണനാളായ്
മുറ്റമില്ലാത്ത നാമെന്തുചെയ്യും
ഏഴുനിലയുള്ള സൗധമൊന്നിൽ
ഏഴാംനിലയിലെ വാടകക്കാർ
നാഗരികൾ നാകവാസികൾ നാം
ഓണത്തെയെങ്ങനെ സ്വീകരിക്കും



# തിരിച്ചറിവിന്റെ വില

**ഒ**രു ഗ്രാമത്തിൽ പ്രാവുകളെ വളർത്തുന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അവൻ ഏറ്റവുമധികം സ്നേഹിച്ചിരുന്നത് അവൻ വളർത്തുന്ന പ്രാവുകളെയായിരുന്നു.തന്റെ വീടിനോട് ചേർന്ന് ഒരു കൊച്ചു കുടിൽ കെട്ടി അതിലാണ് പ്രാവുകളുടെ കൂട് തയാറാക്കിയിരുന്നത്. പ്രാവുകളെ കൂട്ടിലടച്ചിടാൻ അവൻ ഇഷ്ടമല്ലായിരുന്നു.അതുകൊണ്ടു തന്നെ പകൽ മുഴുവനും സ്വതന്ത്രമായിതന്നെ അതിനെ പറക്കുവാൻ അനുവദിച്ചു.എല്ലാ പ്രാവുകൾക്കും അവനോടും വലിയ ഇണക്കമായിരുന്നു.ഇങ്ങനെ ദിവസങ്ങൾ കടന്നു പോയ്ക്കൊണ്ടിരിക്കുന്ന സമയത്താണ് അത് സംഭവിച്ചത്.സന്ധ്യകഴിഞ്ഞ് രാത്രിയാവാറായി.പതിവുപോലെ അവൻ തന്റെ പ്രാവുകളെ കൂട്ടിലടയ്ക്കാൻ വേണ്ടി ചെന്നു. രണ്ടുമൂന്ന് പ്രാവുകളൊഴികെ ബാക്കി ഒന്നിനെയും കാണുന്നില്ല.അവൻ തിരയുവാൻ തുടങ്ങിയപ്പോഴാണ് അതുകണ്ടത്. ചോരയൊലിച്ച് തന്റെ പ്രാവുകൾ അവിടെ ചത്തുകിടക്കുന്നു.അവന് വിഷമം താങ്ങാനായില്ല.അവൻ കുറച്ചുകൂടി മുന്നോട്ടു നടന്നു.അപ്പോൾ അവിടെ നിന്ന് തന്റെ പ്രാവിനെയും കടിച്ചുപിടിച്ചുകൊണ്ട് പോകുന്ന പൂച്ചയെയാണ് അവൻ കണ്ടത്.അവന് ദേഷ്യം അടക്കാനായില്ല.പൂച്ചയെ കൊല്ലുണം എന്ന തീരുമാനത്തോടെ ഭക്ഷണത്തിൽ വിഷം കലർത്തി വീടിനരികിൽ അവനത് വെച്ചു. രാത്രി കഴിഞ്ഞു പകലായി.അവൻ ഭക്ഷണത്തിൽ വിഷം കലർത്തിവെച്ചിരുന്ന സ്ഥലത്തുപ്പോയി നോക്കിയപ്പോൾ അവിടെയൊരു തള്ളപൂച്ചയും മൂന്ന് പൂച്ചക്കുഞ്ഞുങ്ങളും ചത്തു കിടക്കുന്നു.അതുകണ്ടപ്പോൾ അവന് വല്ലാത്ത കുറ്റബോധം തോന്നി.

**“ഇങ്ങനെയാണ് ഓരോ മനുഷ്യജീവിതവും,മറ്റുള്ളവരുടെ പ്രവർത്തികളുടെ പൊരുൾ മനസ്സിലാക്കാതെ സ്വന്തം സന്തോഷം നഷ്ടപ്പെട്ടതോർത്ത് എല്ലാം നശിപ്പിച്ച് പിന്നീട് അതോർത്ത് ദുഖിയ്ക്കുന്നവരാണ് മനുഷ്യർ"**

**<u>AKSHAY ANIL</u>**
IX:E

# മഹത് വചനങ്ങൾ


## എബ്രഹാം

## ലിങ്കൺ



സൗഹൃദമാണ് നിങ്ങളുടെ
ഏറ്റവും വലിയ ദൗർബല്യം
എങ്കിൽ നിങ്ങളാണ്
ലോകത്തിലെ ഏറ്റവും വലിയ
ശക്തൻ ...

## ഗാന്ധിജി



ഓരോ വീടും വിദ്യാലയമാണ്
മാതാപിതാക്കൾ
അദ്ധ്യാപകരുമാണ് ...

ആൽബിൻ ജോയി

# വിദ്യാലയം

കൂരിരുട്ടിൽ പെയ്തിറങ്ങിയ
മഴത്തുള്ളികൾ എൻ ഹൃദയത്തിൽ
മണിചെപ്പിലെ വിദ്യാലയത്തിൽ
ഓർമ്മകളെ തഴുകിയുണർത്തി

മണിവീണമീട്ടുന്ന രാഗങ്ങൾ പോലെ
തേൻകനിയുന്ന ആ ദിനങ്ങൾ
ഒരു ഞൊടിനേരം ഞാൻ നെടുവീർപ്പിട്ടുപോയി
മറക്കാൻ കഴിയുന്നില്ല ആ സുദിനങ്ങൾ

അൽക്കാ ജോൺ
9 .എ



# ആത്മാവ്

*സനേഹിച്ച കൊതിതിരുമുമ്പേ എന്നിൽ*
*അഴൽ നിറച്ച്  നീ യാത്റയിലെ*
*എൻ നൊമ്പരം ഓർത്തു നീ*
*ആത്മാവെത്റെയോ വേദനജനകമാകുന്നു...*

*എന്നുടെ ദുഃഖങ്ങൾ  കണ്ടു നീ*
*ആത്മാവായി   സ്ർഗ്ഗത്തിൽ വാഴൂന്നില്ലേ...*

*എത്റയോ  നാളായി ഞാൻ നിന്നെ തേടൂന്നു*
*എത്റയോ കണ്ണുനീർ  ഞാൻ പൊഴിച്ചു*
*നിൻ രൂപമെന്നുമെൻ മനസ്സിലെ ...*
*ദുഃഖപുഷ്പങ്ങളാകുന്നുവെന്നറിയുന്നുവോ ?*

***AL AMEEN***

# ഐ. ഒ. ടി




ഇൻെററർനെറ്റുമായി ബന്ധപ്പെട്ടു പ്രവറ്ത്തിക്കുന്ന ഒരു കൂട്ടം വസ്തുക്കളാണ്, ഏറ്റവും ചുരുക്കി പറഞ്ഞാൽ ഇൻെററർനെറ്റ് ഓഫ് തിങ്സ് എന്നത് . ഇൻെററർനെറ്റുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഐ.ഒ.ടി ഡിവൈസ് എന്ന് അറിയപ്പെടുന്നു.പഴ്സനൽ കംപ്യൂട്ടർ , സ്മാർട്ട് വാച്ച് , ഫിറ്റ്നെസ്സ് ബാൻഡ് എന്നിവ ഐ.ഒ.ടി ഡിവൈസുകൾക്ക് ഉദാഹരണമാണ് 2025 ൽ ഇറങ്ങുന്ന എല്ലാ വാഹനങ്ങളും ഐ.ഒ.ടി കണക്ടഡ് ആയിരിക്കും . തെരുവുവിളക്കുകളെ ഇൻെററർനെറ്റുമായി കണക്ട് ചെയ്ത് ഉപയോഗിക്കാനായാൽ 80 ശതമാനം വൈദ്യുതി ലാഭിക്കാൻ സാധിക്കാം . അമേരിക്കയിലെ മാസച്യുസീറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ വെച്ച് സഞ്ജയ് ശർമ്മ എന്ന ഇന്ത്യക്കാരനോടൊപ്പം കെവിൻ ആഷ്ടൺ എന്ന ശാസ്ത്റജ്ഞനാണ് ഇതിന് രൂപം നൽകിയത്.

ആൽവിൻ നെൽസൺ
9.സി

# എൻെറ ലോകം

എനിക്ക്  മാത്രമായി ഉള്ള ലോകത്തിന്
പ്രകാശം നിറയ്ക്കുന്ന നിൻ ചാരുതയിൽ
പുളകിതമാക്കുന്ന എൻെറ മനസ്സ് വിതുമ്പുന്നു
എൻെറ ലോകമേ ഞാൻ ഉണരട്ടെ
എൻെറ  മനസ്സിനെ ആനന്ദപരിത-
മാക്കുന്നതിന്ന് നന്ദി,എൻെറ -
സ്വപ്നലോകമേ ഞാൻ ഉണരട്ടെ



## മഴക്കളി

പെരുമഴ  പെയ്യൊരു നേരത്ത്
കുടയില്ലാതെ മുറ്റത്ത്
കുട്ടനിറങ്ങി കളിയാടാൻ
കുട്ടന പുറകേ ചൂരലുമായ്
അമ്മയിറങ്ങി കോപിച്ച്
മഴയുടെ ഉത്സവമേളത്തിൽ
കുട്ടന കിട്ടി അടി നാല്

( (ക്രിസ്റ്റിൻ പി അലക്സ്)

# പ്രഭാതം

സുന്ദരമായ പ്രഭാതം
മനസ്സിനെ ഉണർത്തുന്ന പ്രഭാതം
പുലരിയിൽ ദീപമായി വരുന്ന സൂര്യൻ
മനസ്സിൽ ഉൻമാദം വിടർത്തുന്ന പ്രഭാതം

ജീവജാലങ്ങളുടെ വിശ്രമ അന്ത്യം
മനസ്സിൽ ഉൻമാദം വിടർത്തുന്ന പ്രഭാതം
പ്രഭാതത്തിലെ സൂര്യകിരണങ്ങൾ
മനുഷ്യനെ ഉൻമാദവസ്ഥയാക്കുന്നു.....



# മാനത്ത്

*പ്രഭാത്തിൽ ഉണരുന്ന*
*പൂവിൽ വിടരുന്ന*
*പ്രഭാതമേ നമുക്കുണരാം*

*കാറ്റത്തും മഞ്ഞിലും*
*മൂടി കിടക്കുന്ന*
*പ്രഭാതമേ നമുക്കുണരാം*

*മാനത്തു കോരി കിടക്കുന്ന*
*മേഘങ്ങളെ നമുക്കുണരാം*



Jebin thomas
9 -f

# അമ്മ

ഓരോ മുള്ളിന്നുമപ്പുറം
പുലരുന്ന പൂക്കളെ
കാണാൻ പഠിപ്പിച്ചെന്നെ
വളർത്തിയോളമ്മ...

കുരമ്പു വന്നെന്റെ
ചോരയിറ്റിക്കേ..ഒരു
ചിരിപ്പൂ വിടർത്താൻ
കരുത്തു തന്നവളമ്മ...

കറുത്ത രാവുകളും
കാലു തെറ്റിക്കെ..ഒരു
പൂനിലാവെട്ടമായ്
കാലുകളെ നടത്തിയോളമ്മ...

സഹനകാലത്തി-
ന്നിടവപ്പാതിയിലും

മഴ നനയ്ക്കാതെൻ

താങ്ങായ് നിന്നവളും...എന്നമ്മ...

എവ് ലിൻ സൂസൻ ലെയ്ജു

S.T.D. IX-A

## നഷ്ടപെട്ട ബാല്യം

എന്തെന്നറിയാതെ  തേങ്ങുന്നിതെന്മനം
എന്തിനോ തേടിയലയുന്നിതെന്മനം
ബാല്യമാം  സുന്ദര  സ്വപ്നങ്ങളെന്നുള്ളിൽ
തളിരിട്ടു , പൂക്കുന്ന പൂമരമാകുന്നു
അമ്മ  മടിത്തട്ടിൽ താരാട്ടു കേട്ടു ഞാൻ



സുന്ദര  സ്വപ്നത്തിലാണ്ടകാലം
അച്ഛൻെറ നെഞ്ചിലെ ചീൂടേറ്റുഞാനങ്ങ്
നിർഭയം ഉറങ്ങി ഉണർന്നകാലം
മുത്തശ്ശിക്കഥകേട്ടു മാമുണ്ണും  നേരത്ത്

കഥയിലെ  നായിക താനായ് തീരും
സുന്ദര സ്വപ്നങ്ങൾ നൽകിയ ബാല്യം
കൗമാര വരവിനായ് വഴിമാറിപ്പോയല്ലോ
അരുതുകളോരോന്നായ് വന്നുചേർന്നു

ജീവിത ശൈലിയോ പാടെമാറി
എല്ലാമീക്കാലത്തിൽ വികൃതിയെന്നോർത്തുഞാൻ
മനസ്സിൽ തേങ്ങലടക്കി നിന്നു
ഒരുനാളും തിരികെവരാത്തൊരു ബാല്യമേ

നിന്നെ ഞാനേറെയറിഞ്ഞിരുന്നു
വേലിക്കെട്ടില്ലാത്ത സുന്ദരബാല്യമേ
നിന്നെ ഓർക്കാത്തവരുണ്ടോ ഭുവിൽ.

ക്രിസ്റ്റി പാപ്പച്ചൻ_9c

# *സായന്തനം പെയ്യുന്നു.....*

മരവുരി ചുറ്റി
മലമുകളിൽ
നിന്നിതാ വിളിക്കുന്നു....
സന്ധ്യ ഹൃദയ
വീണാൽ
എനിക്കകത്തൊരു
കരിവിളക്കുപോ –
ലെരിയും ജീവിതം
മറന്നു പോകുന്നു...
മിഴികളിൽ ചോള
വയലു പൂക്കുന്നു...
ശിശിരനിദ്രക്കാ –
യിറങ്ങിപ്പോയെന്റെ
വരണ്ട വേരുകൾ
ത്രസിച്ചുണരുന്നു...
അവളുകുങ്കുമ
മഴയായ് പെയ്തേൻ
അകനിലങ്ങളിൽ
വടുക്കൾ മായുന്നു...

ഡെല്ല സാലു
IX A

# കോഴികുഞ്ഞ്

മുട്ടവിരിഞ്ഞ് കോഴികുഞ്ഞ്

കിയാം കിയാം കോ......

അവർ വെള്ളം കുടിച്ച്

മേല്ലേ നോക്കുവതാരെ

അവർ പ്രകൃതിയെ നമ്മിക്കുക

യാണോ, എന്തൊരു ഭംഗി

ആ കോഴികുഞ്ഞ്

കിയാം കിയാം കോഴികുഞ്ഞ്

ഡൽന തോമസ്

9e

## *നിങ്ങളെൻ ോലാകത്തെയെത്ത് ചെയ്യൂ.*

*ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങിന്*
*ക്കിരയുമായിതാ തിട്ടുക്കത്തില്*
*ന്നണയുന്നു പെട്ടെന്നവള് നട്ടുങ്ങുന്നു.*
*പിടയുന്നു. ചുറ്റിപ്പറന്നുഴലുന്നു.*



# പ്രകൃതി

ചിതറിത്തെറിക്കുന്ന

ചിന്തകളിൽ

എപ്പോഴും

മഴവില്ല് പോലെ നീ മനസ്സിൽ


തെളിയുമ്പോൾ

ഉയരുന്നു മനസ്സിൽ ചിന്തകൾ

സന്തോഷം കൊണ്ട് നിറയുന്നു

എൻ മനസ്സിലെ ചിന്തകൾ

ഉയരും എപ്പോഴും



# പുഷ്പിച്ച ജീവിത രംഗം

ജീവിതം ഒരു നൂൽ പാലം
ജനനമരണത്തിനിടയിൽ
നിലം പതിക്കാതെ യാത്രയാകുന്നിതാ
വിജയമാണിവിടെ ലക്ഷ്യം
യാത്രതൻ ഇടയിൽ കാലിടറാതെ
ഞാൻ യാത്രയാകുന്നിതാ
കണ്ണുനീർ പൊഴിച്ചും ആനന്ദബാഷ്പം
ഒഴുകിയും ഞാൻ യാത്രയാകുന്നിതാ
ചായം പൂശിയ ആനനങ്ങൾ
എന്നെ എന്തിനെന്നറിയാതെ പിൻതുടരുന്നു
എന്റെ അവസാനകാലടി പതിയുന്ന നേരത്ത്
സ്വർഗ്ഗവാതിലിൻ തേണിയിലേറി
ഞാൻ ജീവിത പാതയെ വിടപറഞ്ഞു

## പ്രകൃതി അമ്മ

പ്രകൃതി അമ്മ നല്ലൊരു അമ്മ
പ്രകൃതി അമ്മ പാവമൊരമ്മ
പ്രകൃതി അമ്മ നല്ലൊരമ്മ
പ്രകൃതി അമ്മ സ്നേഹമുള്ളൊരമ്മ
തള്ളക്കോഴി തൻ കുഞ്ഞുങ്ങളെ
ചിറകിനടിയില്ല് സൂക്ഷിക്കുന്നു
പ്രകൃതിയോ നമ്മെ ഒരു കുട
ക്കുള്ളിലേക്ക് വച്ച് സംരക്ഷിക്കുന്നു
പ്രകൃതി എന്നുടെ അമ്മ
പ്രകൃതി നമ്മുടെ അമ്മ
പ്രകൃതി സമൂഹത്തിനല്ല അമ്മ



© Can Stock Photo - csp21291602

# ഉയർച്ചയിൽനിന്ന്   താഴ്ചയിലേക്ക്

വനത്തിൽ  ഒരു വലിയ തേക്കുമരം ഉണ്ടായിരുന്നു. ആ മരത്തിന് നല്ല ഉയരവും വണ്ണവുമുണ്ടായിരുന്നു, അതിൽ ആ മരം അഹങ്കരിച്ചിരുന്നു. അ വലിയ മരത്തിന്റെ തൊട്ടടുത്ത് തന്നെ ഒരു കുറ്റിച്ചെടിയും നിന്നിരുന്നു.തേക്കുമരം എപ്പോഴും പറയും ,ഞാൻ വളരെ ശക്തനും സുന്ദരനുമാണ്,എന്നാൽ കുറ്റിച്ചെടി പറയും അഹങ്കാരം ആപത്താണ്.ഏതു ശക്തനും ഒരുനാൾ നിലംപതിക്കും.

വലിയ കാറ്റ് വരുമ്പോൾ തേക്കുമരം നെഞ്ചുംവിരിച്ച് നേരിടും,എന്നാൽ കുറ്റിച്ചെടിയാകട്ടെ തല കുനിച്ച് ഒതുങ്ങികൊടുക്കും.കാറ്റും മഴയും പോകുമ്പോൾ പതുക്കെ എഴുന്നേറ്റ് നിന്ന് പുഞ്ചിരിക്കും.ഇതു കണ്ട് തേക്കുമരം കുറ്റിച്ചെടിയെ കളിയാക്കും.കുറേനാളുകൾ കടന്നുപോയി ....

ഒരു ദിവസം കാടാകെ വിറപ്പിച്ചുകൊണ്ട് ശക്തമായ കൊടുംകാറ്റും പെരുമഴയും വന്നു ,ഒട്ടു മിക്ക മരങ്ങളും തലകുനിച്ചു കാറ്റിനെ കടത്തിവിട്ടു,അഹങ്കാരിയായ തേക്കുമരം പണ്ടത്തെപ്പോലെ നെഞ്ചുവിരിച്ച്

നിന്നു.പക്ഷെ അധിക നേരം തേക്കുമരത്തിന് ആ ശക്തമായ കാറ്റിനെ താങ്ങാൻ കഴിഞ്ഞില്ല.ശക്തമായ

കാറ്റ തേക്കുമരത്തെ നിലം പതിപ്പിച്ചു. കാറ്റുപോയപ്പോൾ കുറ്റിചെടി തലയുയർത്തി പുഞ്ചിരിച്ചു.

JESWIN JOSE
IX E

# എൻെറ വിദ്യാലയം

**കളിയും ചിരിയും നിറഞ്ഞ ദിനങ്ങൾ**

**കൗതുകമൂറുന്ന ദിനങ്ങൾ**

**ഒന്ന് തിരികെ വന്നെങ്കിൽ**

**നിഷ്കളങ്കതയുടെ ആ ദിനങ്ങൾ**

**അത് വെറുമൊരു വ്യാമോഹമെങ്കിലും**

**വീണ്ടും കൊതിക്കുന്നു......**

**ദൈവങ്ങളായിരുന്ന അധ്യാപകരും**

**പിന്നെ നിധിയായിരുന്ന ആ കൂട്ടുകാരും**

_ **ജിബി ജോൺ**

***9 ജി***

# എന്റെ വിദ്യാലയം

***ഒരിക്കലും മായാത്ത മനസ്സിൽ നിറയുന്ന***

***എന്നുമെൻ വിദ്യാലയം***

***ഓരോ പ്രഭാതവും വിടരുന്നതെൻ***

***വിദ്യാലയത്തിൽ പടിചവിട്ടാൻ***



***സ്നേഹനിധികളാം അദ്ധ്യാപകർ***

***അവർ മാതാപിതാക്കൾക്കു***

***തുല്യമല്ലോ.***

***കയ്പേറിയ പാഠങ്ങൾ മധുരമാക്കിയും***

*മധുരമായുള്ളത് മധുരമാക്കിയും*

*ഒരു ചെറുപുഞ്ചിരി തൂകിക്കൊണ്ടവർ,*

*ഉണർത്തുന്ന നന്മതൻ അറിവുകൾ*

*എവിടെയായാലും മറക്കിലൊരിക്കലും*

*എന്നെ ഞാനാക്കിമാറ്റിയ എൻ വിദ്യാലയം.*

*കാലമാകുന്ന സഞ്ചാരക്കപ്പലിൽ,*

*ഞാനെവിടെയോ പോയലഞ്ഞീടിലും,*

*നിമിഷങ്ങളോടി മറഞ്ഞുവെന്നാകിലും,*

*ഓർക്കാതിരിക്കില്ലെന്റെ വിദ്യാലയം.*

***ജോഷ്വ ജോയി***

***9 c***

# കുരുവി

ചെല്ലക്കുരുവി തേൻക്കുരുവി
എന്നുടെ കൂടെ പോരുന്നോ?
കൂടുണ്ടാക്കാൻ ചകിരിതരാം
വള്ളിത്തരാം ഞാൻ ചില്ലതരാം
കൂട്ടിലിരുന്ന് കഴിക്കാനായി
പാത്രം നിറയെ തേനുംതരാം
ചെല്ലക്കുരുവി തേൻക്കുരുവി
എന്നുടെ കൂടെ പോരുന്നോ?



ആൽബിൻ
ജോയി

! " # …
$ % & …
' #! (&
& ( & )* #
+',- . * $ …
& ,/ 0
& 1 23
4 #
$ & '
* ' 5
6'. 7 +' 8 ) …

5
*# + % #
75& ! * % 0
! …
9#
6 :;# 1 #
" < 0 (
( & ,- ; ) * …=
- '! >8 ?
@ 5 + )
3 *
A 0 - B# # …


4 ;3 '! &C
. 0 * '
6 ; :
& ! 2 …=

IX :A

## തത്വചിന്തകൾ


'നിങ്ങൾക്ക് ചെയ്യുവാൻ കഴിയില്ലെന്ന് മറ്റുള്ളവർ പറയുന്ന കാര്യം ചെയ്യുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം.'

**-വാൾട്ടർ ബാഗ്ഹോട്ട്**



'പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുത്തോടെ തിരിച്ചുവരാനുള്ള അവസരമാണ്.'

**-ഹെൻറി ഫോർഡ്**



'വിജയം ആസ്വദകരമാകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്.'

**-എ.പി.ജെ അബ്ദുൽകലാം**



'എന്ത് നഷ്ട്പ്പെടുന്നത്തില്ല എന്ത് ബാക്കിയുണ്ട് എന്നതിലാണ് കാര്യം '

**- സ്റ്റിഫൻ ഹോക്കിംഗ്**




'സൗഹൃദമാണ്  നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ    നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ  ശക്തി'

**-എബ്രഹാം ലിങ്കൺ**



'എന്റെ ജീവിതമാണെന്റെ എന്റെ സന്ദേശം'

**- ഗാന്ധിജി**



**- ആൽബി അജി ,IX E**

# സൗഹൃദം

ഇനിയുമി നിമിഷങ്ങൾ തിരികെ വന്നെകിലോ
അറിയാതെ മെല്ലെ ഞാൻ ഓർത്തു പോയി
കാലങ്ങൾ പോകുന്നതറിയാതെ നാം
കുറേ നിമിഷങ്ങൾ ചിലവഴിച്ച്
സൗഹൃദത്തിൻ്റെ തീരാ മധുരം കൊതിച്ച്
അകലേക്ക് പാറുവാൻ കാത്തിരുന്ന
ജീവനിലെങ്ങും സ്നേഹം നിറച്ച

MALIKSATHA.S
9.A

## മത്തങ്ങാകൊതിയൻ

വലിയ  കൊതിയനായിരുന്നു പപ്പു  മുയൽ .ഒരു  ദിവസം ആരും കാണാതെ അവൻ സുപ്പു കരടിയുടെ പച്ചക്കറിത്തോട്ടത്തിൽ കടന്നു. "ഹിഹി..... ഇന്ന് കുറെ കാരറ്റ്  പറിച്ചുതിന്നു. അതോടെ അവന് ക്ഷീണമായി. അവൻ തോട്ടത്തിൽ കിടന്ന് ' ങുർ,ങുർന്ന് ' കൂർക്കം വലിച്ച് ഉറക്കമായി . അപ്പോഴാണ് സുപ്പു കരടി വന്നത് . തൻെറ തോട്ടത്തിൽ കയറിയ പപ്പു മുയലിനെ കണ്ടപ്പോൾ സുപ്പുവിന് ദേഷിയം വന്നു . അവൻ പപ്പുവിൻെറ ചെവിയിൽ പിടിച്ചുയർത്തി. "അഹങ്കകാരീ...... നിന്നെ ഞാനൊരു പാഠം പഠിപ്പിക്കുന്നുണ്ട്...... " അതും പറഞ്ഞ്  സുപ്പു കരടി ഒരു മത്തങ്ങ പറിച്ച് അതുമുറിച്ചു  . "നീയിനി  ഇതു മുഴുവൻ തിന്നിട്ട് ഇവിടെ നിന്നും  പോയാൽ മതി" പാവം പപ്പു  . മത്തങ്ങ മുഴുവനും തിന്നു. അതോടെ അവൻെറ വയർ മത്തങ്ങപോലയായി .പിന്നീടൊരിക്കലും അവൻ മോഷണം നടത്തിയിട്ടില്ല. അനുവാദമില്ലാതെ മറ്റുള്ളവരുടെ സാധനങ്ങൾ എടുക്കരുതെന്ന് അവന് മനസ്സിലായി.

## അച്ഛൻ

അച്ഛനാണെൻ ഗുരു
എൻ അച്ഛനാണെൻ ദൈവം
എൻ അച്ഛനാണ്  എൻ കുടുംബം
എൻ അച്ഛനാണ് എൻ നാഥാ
എൻ അച്ഛനാണ് എൻ മനസ്സിലെ-
വിളക്കിനെ പ്രകാശിപ്പികുന്നു
എൻ അച്ഛനാണെൻ ലോകം
എൻ അച്ഛനാണെൻ എല്ലാം



- ക്രസ്റ്റിൻ പി അലക്സ

# പുഷ്പം



പൂവേ പൂവേ - കൊഴിയല്ലേ
പൂന്തെനന്നലു വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതു വഴയിൽ ഇതളു പോഴിയ്ക്കല്ലേ
ഒരിതളും  നീ പൊഴിക്കല്ലേ
പുതു മണ്ണിനു ചൂടാൻ ഒരു പൂവിതളു നല്കല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളുനല്കല്ലേ
വെള്ളിനിലാവിലിഞ്ഞ പുഞ്ചിരി മായ്ക്കല്ലേ
നിന്നെ കാണാനെന്നു കൊതിയാണോ
എനിക്കു നിന്നെ കാണാനെന്നു
കൊതിയാണേ പൂവേ.

നന്ദകുമാർ .എ

# പത്തിരിപ്പാത്തുമ്മ

പത്തായം തന്നിലെ നെല്ലെടുത്ത്
കുത്തിയരിയാക്കി കൊച്ചുപാത്തു
മത്തച്ചൻ ചേട്ടൻ്റ മില്ലിലെത്തി
പത്തിരിക്കായിപ്പൊടിച്ചെടുത്തു
കുത്തിയിരുന്നു കുഴച്ചെടുത്തു
കത്തുന്ന തീയിൽച്ചുട്ടെടുത്തു
കുട്ട്യോളെയെല്ലാമടുത്തിരുത്തി
പത്തിരിത്തീറ്റി രസിച്ചു പാത്തു

# അമ്മ



അമ്മയാണെൻ ഗുരു

അമ്മയെന്ന അക്ഷരമാണെൻ-

മലയാളം

മലയാളത്തിലെ ഒറ്റ അക്ഷരമല്ല എൻ അമ്മ

അമ്മയെന്ന വിളക്കിനെ ലോകം -

പ്രകാശിപ്പിക്കുന്നു

അമ്മയെന്ന വിളക്ക് വീടിനെ ഐശ്വര്യ-

ചരിതമാക്കുന്നു

വീടിൻെറ വിളക്കായി മാറുന്നു

എൻ അമ്മ

ലോകം കണ്ട ആദ്യ ഗുരുവാണ്-

എൻ അമ്മ

അമ്മയെന്നത് ഒറ്റ അക്ഷരമല്ലയെൻ

മലയാളത്തിൽ.

1. Jebin thomas
2. 9-f

# മരട് എന്ന ഞാൻ

ഒരു നികത്ത് ഭൂമിയിൽ ഞാൻ

ആദ്യ നേത്രങ്ങൾ തുറന്നു

പതിയെ ഞാൻ  വളർന്നു

കുറേ കാലം കുറേ പേർ

എന്നെ വളർത്തി വലുതാക്കി

ഞാൻ ആകാശം തൊട്ടു

ഉയർന്ന് മേഘങ്ങളേ സ്പർശിച്ച്

എൻെറ അഭയം തേടി കുറേ-

പേർ വന്നു . അവർ എൻെറ

ഭാഗമായി മാറി.

എല്ലാം കലഭിതമായി മാറി

അവർ എല്ലാം എന്നിൽ നിന്ന് അകന്നു പോയി

എൻെറ നാശത്തിനായി  ആഗ്രഹിക്കുന്നവർ

എന്നെ വെടി മരുന്നുകൾ ക്കൊണ്ട് നിറച്ചു

അത് പ്രയോഗിച്ചപ്പോൾ എൻെറ -

ഉള്ളിൽ നിന്ന് ഏകാന്തമായ ഒരു ചൂട്

എല്ലാം ശൂന്യം .... ഇനി ഞാൻ ഉറങ്ങട്ടെ.....

## മീനമ്മയും

## കുഞ്ഞുമീനും

ഒരു ദിവസം വലിയ സമുദ്രത്തിലൂടെ തീറ്റ തേടി

പോകുകയായിരുന്ന മീനമ്മയും തൻെ്റ കുഞ്ഞും.കുഞ്ഞു അമ്മയുടെ

മുന്നിൽ പോകുകയായിരുന്ന പെട്ടന്ന് തോണിക്കാരൻ തൻെ്റ വല

താഴെക്ക് ഇറക്കി ഇതു കാണാതെ മുന്നോട്ടു പോയ കുഞ്ഞുമീൻ

പെട്ടന്നു വലയിൽ പെട്ടു. രക്ഷപെടാൻ വേണ്ടി പിടയുപേൾ

അമ്മമീൻ പെട്ടന്ന് ഓടി എത്തി പക്ഷേ അമ്മമീന്

ഒന്നും ചെയാൻ കഴിഞ്ഞില് .അവൾ തൻെറ സർവ്ശകതിയും

ഉപയോഗിച്ച് തോണികാരൻെ്

അടുത്ത് എത്തി പക്ഷേ ഇത് തോണികാരൻ

അറിഞ്ഞില്.അയാൾ വല വലിച് കയറ്റി .

ഉടനെ അമ്മമീൻ വള്ളത്തിൽ ചാടി വിണു .ഇത് കണ്ട്
തോണികാരൻ അത്ഭുതപ്പെട്ടുഅയാൾ
അടുത്തു ചെന്നപ്പോൾ അമ്മമീൻ പറഞ്ഞു എന്നെ പിടിച്ചുകൊൾക

എന്നാൽ

എന്റെ മകനെ വിട്ടയ്ക്കുക. അപ്പാൾ തോണികാരന്റെ

കണ്ണുനിറഞ്ഞു.അയാൾ പറഞ്ഞു

തന്റെ ജിവൻ രക്ഷികാതെ മകന്റെ ജിവൻ രക്ഷികാൻ

നോമ്പികിയ നിന്നയും നിന്റെ

മകെനയും ഞാൻ വിട്ട്യ്ക്കുന്നു.
അമ്മയുടെ സ്നേഹം അതിരില്ലതാണ്

# <u>മഴത്തൂള്ളി</u>

*ഒരിറ്റു തുള്ളിയിൽ നിന്നമൃധ*
*ദാരയായ് നിറകുടം തുളുമ്പി*
*ഞാൻ നിൽക്കവേ നിറച്ചാർത്തി*
*നഴകായ് വിരിഞ്ഞ പൂവിതൾ*
*പോൽ മനംതുടിച്ചുഞാൻ തിമിർത്താടവേ*

*മിഴികൾ തുളുമ്പുമാപുലരി തൻ*
*സംഗീത ലഹരിയിൽ അമൃതുപൊഴിക്കുന്നു*
*ഈ ജന്മത്തിലൊരുതുള്ളി കനിവാൽ*
*കണ്ടു ഞാൻ നിൻ ഹൃദയ തുടുപ്പി*
*ലൊരു നിമിഷമായ് മാറുവാൻ*

*മിഴികൾ കൊതിച്ചു നിൻ മാറത്തണയുവാൻ*
*രാക്കിനാ നിലാവുകൾ കൂട്ടായ് വന്നു*
*ഒരു തുള്ളി എനിക്കായ് ഒരു തുള്ളി*
*നിനക്കായ് ഞാൻ ഇരുതുള്ളികൾ*
*ചേർന്നൊഴുകുമീ ജന്മാന്തര വീധിയിൽ*

***by***
***sharon***

# എവിടേ...

എന്തിനോ വേണ്ടി നീ മറഞ്ഞു പോയി
എന്നിൽ നിന്നും നീ അകന്നു പോയി
കഥയറിയാ പുഷ്പം പോലെ കാത്തിരുന്നു
ഞാൻ പകലന്തിയോളം കാത്തിരുന്നു

എവിടെ നീയെൻ പ്രിയ തോഴാമറുപുഷ്പം
തേടി നീ അങ്ങകലേക്കു അകന്നുമാറിയോ
ജീവൻെറ തുടിപ്പ് അവസാന നിമിഷത്
തിലെത്തും മുമ്പ് നീ തിരികെ വരുമോ...

**by**
**sharon**

# കാട്ടിലെ കുരുവി

ഒരിക്കൽ ഒരു കുരുവി തന്െ്റ

വിട്ടിൽ പോവുകയായിരുന്ന അപ്പോൾ ഒരു മനുഷ്യൻ

അവരുടെ വിട് നശിപ്പിക്കുന്നു

ഇത് കണ്ട് കുരുവി പൊട്ടി കരഞ്ഞു

തന്റെ വിട് നശിചത്തിന്റെ ദു:ഖത്തോടെ മറ്റൊരു

ദേശത്തേക്ക് പോയി ആ സമയം ഒരു അമ്മ കിളി

അതിലെ പോവുകയായിരുന്ന കുരുവി അമ്മ

കിളിയേട് ആ ദേശത്തേ കുറിച് ചോദിച്ചു അമ്മ

കിളി കുരുവിയേട് നി എവിടെ നിന്നു വരുന്നു എന്ന്

ചേദിച്ചു കുരുവി നടന്നതു എല്ലാം പാറഞ്ഞു ഇതു കേട്ടു

അമ്മ കിളി പെട്ടി കരഞ്ഞു എന്നിട്ടു ആ അമ്മ കിളി

ആ കരുവി കുഞ്ഞിനെ അമ്മ കിളിയുടെ കുടെ പാറത്തു

അങ്ങനെ ഈ കഥ ഇവിടെ തിരുന്നു

സനേഹ


9 ഐ

# ചാണക്യൻ




ലോകത്തെ ആദ്യത്തെ സംബത്തികശാസ്ത്ര ഗ്രന്ഥമായി പരിഗണിക്കുന്നത് ചാണക്യൻെറ അർത്ഥശാസ്ത്രമാണ്.

ബി.സി. നാലാം നൂറ്റാണ്ടിൽലാണ് അദ്ദേഹം ജീവിച്ചിരുന്നത്. മൗര്യവംശ സ്ഥാപകനായ ചന്ദ്രഗുപ്തമൗര്യൻെറ ഗുരുവും വിശ്വസ്തനായ സുഹൃത്തും അനയായിയും ഉപദേഷ്ട്ടാവുമായിരുന്ന ചാണക്യൻ. ചാണക്യൻ നൽകിയ വിലയേറിയ ഉപദേശങ്ങളെ അടിസ്ഥാനമാക്കി സൈനികതന്ത്രം ആവിഷ്ക്കരിച്ചാണ് ചന്ദഗുപ്തമൗര്യൻ തൻെറ സാമ്രാജ്യം സ്ഥാപിച്ചത് എന്നാണ് ചരിത്രകാരന്മാർ പറയുന്നത്.....



STEPHIN P JOHN
9G.

# ജലംഒഴുക്കികളയല്ലേ



2040 തിനു ശേഷം ജലത്തിനു വേണ്ടി ലോകമഹായുദ്ധം ഉണ്ടാകും എന്ന് Dr എ പി ജെ അബ്ദുൾകലാം മരിക്കുന്നതിനു മുൻപ് പറഞ്ഞിരുന്നു. വർഷംതോറും മൂവായിരം മില്ലിലിറ്റർ ലഭിക്കുന്ന കേരളം കഴിഞ്ഞ വർഷം ദുർബലമായതുകൊണ്ട് മാത്രം ജലക്ഷാമം നേരിടുകയാണ് നാം. ഇപ്പോഴത്തെ രീതിയിലണ് ജലത്തിന്റെ ഉപയോഗം എങ്കിൽ വെള്ളത്തിനു വേണ്ടി നാം തമ്മിലടിക്കുന്ന കാലം വിദൂരമല്ല.

നിറയെ മഴ ലഭിക്കുന്ന നമുക്ക് ഒരിക്കലും വെള്ളം നമ്മുടെ കാലിന്റെ ചുവട്ടിലെന്ന ചിന്തയിലാണ് തകിടം മറിഞ്ഞത്. മഴ ഉണ്ടെന്ന ചിന്തയിൽ ജലസംരക്ഷണത്തെ നാം അവഗണിച്ചു. അതിന്റെ ഭലമാണ് ഇപ്പോൾ കേരളം



# എലിയൻസ് ഹ്യൂമനും

## അവന്റെ കൂട്ടുകാരും

### ഭാഗം 1

പണ്ട് പണ്ട് ഒരിടത്ത് അഞ്ചു കൂട്ടുകാർ അമേരിക്കായിൽ ജീവിച്ചിരുന്നു. അവരുടെ പേര് : , ജയ്, ജാക്ക്, സെയ്ദ്, മറിയാ, അൻ എന്നായിരുന്നു . ഒരു ദിവസം അവർ അവരുടെ ഹൈ സ്കൂളിലേക്ക് പോകുന്ന സമയം. അവിടെ മരങ്ങളുടെ ഇടയിൽ എന്തോ മിന്നുന്നത് അവർ കണ്ടു. അവർ അവിടെ ചെന്ന് നോക്കിയപ്പോൾ അത് ഒരു ബോളായായിരുന്നു. അവർ അത് എടുത്ത് ജയുടെ ബാഗിൽ വച്ചു. എന്നിട്ട് സ്കൂളിൽ പോയി. അവർ സ്വസ്ഥമായിരുന്നു പഠിക്കാൻ സാധിച്ചില്ല. എന്തോ രൂപം മനസ്സിൽ

വന്ന്അവരെ പേടിപ്പിക്കുന്നു പോലെ. തിരിച്ച്

1 .ഞാൻ വീട്ടിൽ പോകാൻ നേരത്ത് അവർ

ബോളിനെ കുറിച്ച് തമ്മിൽ ചർച്ച് ചെയതു.

അവർ പോകുന്നു വഴി കോകോ വാങ്ങി

ബാഗിൽ വച്ചിട്ട് വീട്ടിലേക്ക് പോയി. അവർ

വീട്ടിൽ ചെന്നപ്പോൾ അവർ മറിായെയും

അൻയെയും അടുത്ത് വീട്ടിലേക്ക് വിട്ടു അവിടെ

അവർ വാടകയ്ക്ക് താമസിക്കുകായായിരുന്നു

ജയ്,ജാക്ക്,സെയ്ദ് കൂടെ തൊട്ടടുത്ത്

വീട്ടിലായിരുന്നു താമസം .അവർ അവിടെ

ചെന്ന് ആ ബോൾ എടുത്ത്

പരിശോധിച്ചുകൊണ്ട് ഇരുന്നപ്പോൾ ജാക്ക്

പോയി കോകോ ജ്യൂസ് കൊണ്ടു വന്നു

അപ്പോൾ അവൻ തെന്നി വീണു. 3 ഗ്ലാസ്

കോകോയും ആ ബോളിൽ വീണു.ബോൾ

ഒന്ന് മിന്നി.ആ മിന്നിൽ കണ്ടു മറിയായും

അൻയയും  ഓടി അങ്ങോട്ട് വന്നു . പെട്ടെന്ന്

ബോൾ  സംസാരിക്കകാൻ തുടങ്ങി. ഞാൻ

ഓജോബോട്ട്ഇതാ സൂപ്പർ പവർസ്

തരുന്നു. പെട്ടെന്ന് ഒരു പ്രകാശം  ജയ് നീ

എലീമന്റ് ഹ്യുമൻ ,മറിയാ നീ ഗ്രാവിറ്റി ഗേൾ ,

സെയ്ദ്  നീ ഷാഡോ മാൻ , അൻ നീ ടൈം

ഗേൾ , ജാക്ക് നീ  മോളിക്കുലർ മാൻ .

നിങ്ങൾ ഇനി പ്രപഞ്ചം രക്ഷിക്കുന്നവരാണ്.

ഇങ്ങനെ പറഞ്ഞ് അത് നിർത്തി . ജയ്

ചോദിച്ചു :" ബോട്ട് , ഞങ്ങൾ നീ തന്ന്

ശക്തികൾ എങ്ങനെ ഉപയോഗിക്കും " ബോട്ട്

പറഞ്ഞു :" പവർസ് റ്റുഗേദർ എന്നു പറയണം"

ഇന്നു നിങ്ങൾ വിശ്രമിക്കു. അവർ പോയി

കിടന്നുറങ്ങി. ആ സമയത്ത് ബഹിരാകാശത്ത്

നിന്ന് ഒരു ഷിപ്പ് ഭൂമിയെ നോക്കി വന്നു

. അതിൽ ഒരു എലിയനും ഒരു റേബോട്ടും

*തമ്മിൽ സംസാരിച്ചുകൊണ്ട്*

*നിൽക്കുന്നു. അവർ ഭൂമിയെ അക്രമിക്കാൻ*

*പോകുന്നതിനേക്കുറിച്ചുള്ള*

*സംസസാരമായിരുന്നു അത്*. *എന്നിട്ട് അവർ*

ഭൂമിയിലേക്ക്  പാഞ്ഞു.പിറ്റേന്ന് രവിലെ

നമ്മുടെ

നായകർ എഴുന്നേറ്റു.അവർ

സ്കൂളിലേക്കു

പോകുന്നു വഴി ഓജോബോട്ട് അവരുടെ കൂടെ

പോയി പെട്ടന്ന് വഴിയിൽ വെച്ച് അവർ ആ

റോബോട്ടിനെയും എലിയനെയും കണ്ടു.

ഓജോബോട്ട് അവരോട് ;സൂഷിക്കുക!.

പെടെന്ന്

അവർ നമ്മുടെ നയകരെ നോക്കി.പെടെന്ന

ഓജോബോട്ട് മായമയി മാറി.അവിട്ടുന്നു

ഒരുപാട് അകലെ ചെന്നപ്പോൾ ഓജോബോട്ട്

തിരിച്ചുവന്നു .ഓജോബോട്ട് പറഞ്ഞ് :“ അവർ നമ്മളെ അക്രമിക്കാൻ വന്നതാണ് .നമ്മുക്ക് സക്ൾ കഴിഞ്ഞ് ഒരു സ്ഥലം വരെ പോകണം .” അവർ സക്ളിൽ എത്തിയപ്പാൾ ഓജോബോട്ട് ജയുടെ ബാഗിൽ കയറി .അവർ അവരുടെ ക്ലാസുകളിൽ.അപ്പോഴേക്കും അവരുടെ ക്ലാസുകൾ തുടങ്ങയിരുന്നു.അന്നു അവർ താമസിച്ചയായിരുന്നു ക്ലാസിൽ കയറിയ്ത്ത്.ജാക്ക് ഇന്നും പുറത്തുതന്നെ നിന്ന് .അന്നത്തെ ദിവസം ക്ലാസ് വേഗം തിരുന്നു . ഓജോബോട്ട് പറഞ്ഞതു പോലെ അവർ അവനെ പിൻതുടർന്നു.അവൻ നേരെത്ത പറഞ്ഞ് സ്ഥലത്ത് പോയിപ്പോൾ പകുതി ദൂരം കഴിഞ്ഞപ്പോൾ ഓജോബോട്ട് പറഞ്ഞു :“ശക്തിക്കൾ തിരിച്ചുകൊണ്ടുവരാൻ”.അവർ ശക്തികെണ്ടുവരാൻ വേണ്ടി പറഞ്ഞു:“പവർസ്

റ്റുഗേദർ".പെട്ടെന്ന അവരുടെ ഡ്രസുകൾ മാറി .പെട്ടെന്ന ജയ് അവൻ്റ അണലിമിറ്റ പവർസ് പുറ്ത്തുകൊണ്ട വന്നു.അവൻ മുന്നായി മാറി. പെട്ടെന്ന റോബോട്ടിയും എലീയനെയും അവിടെ വന്നു !.

ഇനി അവർക്ക് എന്ത് സംഭവിക്കും?നമ്മുടെ നായകർ വീഴുമോ!ജയിക്കുമോ!അടുത്ത ഭാഗം വരെ കാത്തിരിക്കാം എന്ന് വിശ്വസത്തോട്

അലൻ & അലൻ ബി

# നന്ദി

സുഗന്ധവാഹികളായ അനേക മലരുകൾ

ഇനിയും ഇവിടെ വിടരട്ടേ

എന്നാശംസിച്ചുകൊണ്ടും

ഈ മലരുകൾക്ക്

സുഗന്ധം നൽകിയ

ഏവർക്കും

നന്ദി അറിയിച്ചുകൊണ്ട്

നിർത്തുന്നു.....

നന്ദി... നന്ദി... നന്ദി...